കേരള കന്നുകാലി വികസന
ബോർഡ്
മാട്ടുപ്പെട്ടി യൂണിറ്റ്.

മാട്ടുപട്ടി പി.ഓ മുന്നാർ
ഇടുക്കി, കേരള - 685616
മൊബൈൽ : +91 944 600 4281
GST-32AAACK9533D1ZV
ഇ-മെയിൽ : Indoswisskldb@gmail.com

നമ്പർ.സി1/1042/ 2015/ Vol.IV

തീയതി : **12.08.2022**

# ഉരുക്കൾ വിൽപ്പനയ്ക്ക്

കെ.എൽ.ഡി.ബോർഡ് മാട്ടുപ്പെട്ടി ഫാമിൽ ഉദ്ദേശം **35** ഉരുക്കൾ (വെച്ചൂർ പശുക്കൾ-20, സഹ്യവാൾ-5, സുനന്ദിനി-10 ) വിൽക്കാനുണ്ട്. 13.09.2022 രാവിലെ **11.30** ന് ലേലം ആരംഭിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ അന്നേ ദിവസം 11 മണിക്ക് മുമ്പായി **1000/-** രൂപ നിരതദ്രവ്യം ഓഫീസിൽ അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **www.livestock.kerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ടി ഓഫീസുമായോ ബന്ധപ്പെടുക. (ഫോൺ **:9446441703,9446441712)**

(ഒപ്പ്)
മാനേജർ (എ) .എച്ച് )

Manager (AH)
Kerala Livestock Development Board
( A Government of Kerala Undertaking)
Mattupatty Farm, Munnar, IDUKKI - 685616

# കേരള കന്നുകാലി വികസന ബോർഡ്

മാട്ടുപ്പെട്ടി ഫാം, മാട്ടുപ്പെട്ടി പി.ഒ., മൂന്നാർ

(ഇൻഡോ - സ്വിസ് പ്രോജക്ട്, മാട്ടുപ്പെട്ടി)

പിൻ - 685 616

ഫോൺ : 9446441703

നമ്പർ : CI/1042/2015/Vol. IV

തീയതി : 12/08/2022

# ലേലപരസ്യം

**കേരള കന്നുകാലി വികസന ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ നിന്നും (ഇൻഡോ-സ്വിസ് പ്രോജക്ട്, മാട്ടുപ്പെട്ടി, മൂന്നാർ) ഉദ്ദേശം 35 ഉരുക്കൾ (വെച്ചൂർ പശുക്കൾ 20, സഹ്യവാൾ 5, സുനന്ദിനി 10 ) പരസ്യലേലത്തിൽ/ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽക്കുന്നതാണ്.**

| സ്ഥലം | സീൽഡ് ക്വട്ടേഷൻ വാങ്ങുന്ന ഉദ്യോഗസ്ഥൻ | പശുക്കളുടെ എണ്ണം | സീൽഡ് ക്വട്ടേഷൻ സമർപ്പിക്കേണ്ട സമയം | ലേലം തുടങ്ങുന്ന തീയതിയും സമയവും |
|---|---|---|---|---|
| കെ.എൽ.ഡി. ബോർഡ് മാട്ടുപ്പെട്ടി ഫാം മാട്ടുപ്പെട്ടി | മാനേജർ (എ.എച്ച്.) മാട്ടുപ്പെട്ടി ഫാം മാട്ടുപ്പെട്ടി | വെച്ചൂർ പശുക്കൾ 20 സഹ്യവാൾ 5 സുനന്ദിനി 10 | 13/09/2022 രാവിലെ 11 വരെ ഓരോ ക്വട്ടേഷനോടൊപ്പവും 1000 രൂ. നിരതദ്രവ്യം അടച്ച തിന്റെ രസീത് അടക്കം ചെയ്യണം | 13/09/2022 11.30 am |

## വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കുചേരാൻ ഉദ്ദേശിക്കുന്നവർ നിരതദ്രവ്യം 1000 രൂപ ലേല ദിവസം രാവിലെ 11.00 മണിക്ക് മുൻപായി അടച്ചിരിക്കേണ്ടതാണ്.
2. ക്വട്ടേഷൻ നൽകുന്നവർ ഓരോ പശുവിനും പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ 13/09/2022, രാവിലെ 11.30 മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. അതിനോടൊപ്പം 1000 രൂപ നിരക്കിൽ നിരതദ്രവ്യം അടച്ചതിന്റെ രസീത് അടക്കം ചെയ്തിരിക്കണം. സീൽഡ് ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഏതു പശുവിനാണോ ക്വോട്ട് ചെയ്യുന്നത് ആ പശുവിന്റെ നമ്പരും അതിന് ക്വോട്ട് ചെയ്യുന്ന വിലയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കവറിനുപുറത്ത് പശുവിന്റെ നമ്പർ, ക്വോട്ട് ചെയ്യുന്ന ആളുടെ പേര് എന്നിവ രേഖപ്പെടുത്തിയിരിക്കണം.
3. സീൽഡ് ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന ഓരോ പശുക്കളുടെയും കൂടിയ തുകയോ, പശുക്കളെ പരസ്യമായി ലേലം ചെയ്യുമ്പോൾ കിട്ടുന്ന തുകയോ ഏതാണ് കൂടിയത് എന്ന് നോക്കി മതിയായ വില ലഭിച്ചാൽ ലേലം ഉറപ്പിക്കുന്നതാണ്.
4. ന്യായമായ വില കിട്ടാത്ത പശുക്കളുടെ ലേലം സ്ഥിരപ്പെടുത്താതിരിക്കാനുള്ള അധികാരം ലേലം നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.
5. ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ലേല തുകയുടെ മൂന്നിലൊന്ന് അപ്പോൾ തന്നെ അടയ്ക്കേണ്ടതും ബാക്കി തുക മുഴുവനും ഉരുക്കളെ കൊണ്ടുപോകുന്നതിന് മുൻപ് അടയ്ക്കേണ്ടതുമാണ്.
6. ലേലം കൊണ്ട പശുവിന്റെ വിലയുടെ മൂന്നിലൊന്നിൽ കുറയാത്ത തുക അപ്പോൾ തന്നെ കെട്ടിവച്ചതിനുശേഷം മേൽ നടപടി നിരതദ്രവ്യം മറ്റുപശുക്കളുടെ ലേലം കൊള്ളാൻ ഉപയോഗിക്കാവുന്നതാണ്.
7. ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം അടച്ച വ്യക്തികൾക്കോ അവർ നിർദ്ദേശിക്കുന്ന പ്രതിപുരുഷനോ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. നിരതദ്രവ്യം അടച്ചതിനുള്ള രസീത് ലേലത്തിന് മുൻപ് ലേലത്തിൽ പങ്കുകൊള്ളുന്നവർ ഹാജരാക്കേണ്ടതാണ്.
8. ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ 3 ദിവസത്തിനുള്ളിൽ (അവസാന ദിവസം 16/09/2022 വൈകുന്നേരം 5 മണി) പണം മുഴുവനും അടച്ച് പശുക്കളെ കൊണ്ടുപോകേണ്ടതാണ്. അല്ലാത്തപക്ഷം ടി പശുവിന്റെ ദൈനംദിന ചിലവുകൾക്കായി പ്രതിദിനം 200 രൂപ ക്രമത്തിൽ നിരതദ്രവ്യത്തിൽ നിന്നും ഈടാക്കുന്നതായിരിക്കും.
9. 10 ദിവസം കഴിഞ്ഞിട്ടും ഉരുക്കളെ കൊണ്ടുപോകാത്തവർ അടച്ചിട്ടുള്ള മൂന്നിലൊന്ന് തുക കെ.എൽ.ഡി. ബോർഡിലേയ്ക്ക് കണ്ടുകെട്ടുന്നതും അത്തരം പശുക്കളുടെമേൽ ലേലം കൊണ്ടയാൾക്ക് യാതൊരുവിധ അവകാശവും പിന്നീട് ഉണ്ടായിരിക്കുന്നതല്ല.
10. പശുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ തൽസമയത്ത് ഉരുവിന്റെ ഫാം രേഖകളെ അടിസ്ഥാനമാക്കിയുള്ളതാണ്. ലേല ശേഷം ലേലക്കാരന്റെ ഉദ്ദേശങ്ങൾക്കോ പരിസ്ഥിതി മാറ്റത്തിനോ വിധേയമായി ഉണ്ടായേക്കാവുന്ന ഒരു ന്യൂനതയ്ക്കും ബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല.
11. ഉരുക്കളെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ അറിയേണ്ട വ്യക്തികൾ ഫാമിലെ ഡെപ്യൂട്ടി മാനേജർ (എ.എച്ച്.)- നെ സമീപിക്കേണ്ടതാണ്. പശുക്കളുടെ ശാരീരികാവസ്ഥയും മറ്റു സ്വഭാവഗുണങ്ങളും ലേലക്കാർ നേരിട്ടോ/വിദഗ്ദ്ധരുടെ സഹായം മൂലമോ സ്വയം ബോദ്ധ്യപ്പെടേണ്ടതാണ്. ആയത് നേരിൽക്കണ്ട് ബോദ്ധ്യപ്പെട്ടതാണെന്നും ലേലശേഷം ഉരുവിനെ സംബന്ധിച്ചുള്ള പരാതികൾ ബോർഡ് പരിഗണിക്കുകയില്ലെന്ന വിവരം ബോദ്ധ്യപ്പെട്ടിട്ടുള്ളതായി ഒരു സത്യവാങ്മൂലം നൽകേണ്ടതാണ്. ആയത് ലഭിച്ചാൽ മാത്രമേ നിരതദ്രവ്യം അടയ്ക്കുവാൻ അനുവദിക്കുകയുള്ളൂ.
12. നിർദ്ദിഷ്ട ലേല ദിവസം അവധി ദിവസമായി വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയം ലേലം നടത്തുന്നതാണ്.
13. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് പശുക്കളെ നേരിൽകണ്ട് ബോദ്ധ്യപ്പെടുന്നതിനായി 12.09.2022 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 5 മണിവരെ അനുവദിക്കുന്നതാണ്.

മാനേജിംഗ് ഡയറക്ടർക്കുവേണ്ടി,

(ഒപ്പ്)

മാനേജർ (എ.എച്ച്.)

**ലേലവുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾക്ക് 9446441703, 9446441712**
**ഈ നമ്പരുകളിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും ബന്ധപ്പെടാവുന്നതാണ്.**